# അഞ്ചപ്പം കൊണ്ട് രണ്ടരലക്ഷം പേരെ ഊട്ടിയവർ

| രേഷ്മ കെ.എസ്. |

**അഞ്ചപ്പംകൊണ്ട്** അയ്യായിരം പേരെ ഊട്ടിയ യേശു ക്രിസ്തുവിനെ മാതൃകയാക്കി കേരളത്തിലെ ഭക്ഷണസംസ്കാരത്തിന് പുതിയൊരു നിർവചനം നൽകിയിരിക്കുകയാണ് 'അഞ്ചപ്പം'. അന്നവും അക്ഷരവും ആദരവോടെ എന്ന ഉപശീർഷകത്തിൽ ആരംഭിച്ച 'അഞ്ചപ്പം' ഭക്ഷണശാലകൾ ഇന്ന് വളരെയധികം പ്രശസ്തി നേടികഴിഞ്ഞു. ഭക്ഷണത്തോടൊപ്പം ഒരു നല്ല സംസ്കാരവും ഉണ്ടാക്കിയെടുക്കുവാനാണ് സംഘാടകരുടെ ശ്രമം. വലിയ ലക്ഷ്യത്തോടെ ആരംഭിച്ച 'അഞ്ചപ്പം' എന്ന ഭക്ഷണശാലയ്ക്ക് ചുരുങ്ങിയ വർഷങ്ങൾകൊണ്ട് ജനങ്ങളുടെ പിന്തുണ നേടിയെടുക്കാനായി. സാധാരണക്കാർമുതൽ സെലിബ്രിറ്റികൾ വരെ 'അഞ്ചപ്പ'ത്തിലെത്തി ഭക്ഷണം കഴിച്ച് സംതൃപ്തിയോടെ മടങ്ങുന്നു.

അന്നം മാത്രമല്ല അക്ഷരവും നല്ല രുചിയോടെയും ചൂടോടെയും 'അഞ്ചപ്പ'ത്തിൽ വിളമ്പും. 'അഞ്ചപ്പ'ത്തിന്റെ ഓരോ ഔട്ട്ലെറ്റും ഓരോ ലൈബ്രറിയുമാണ്. ദിനംപ്രതി വർദ്ധിച്ചുവരുന്ന ആളുകളുടെ എണ്ണവും പുതുതായി രൂപപ്പെടുന്ന ഔട്ട്ലെറ്റുകളും 'അഞ്ചപ്പ'ത്തെ ജനങ്ങൾ സ്വീകരിച്ചുവെന്നതിന് തെളിവായി സംഘാടകർ ചൂണ്ടികാട്ടുന്നു.

## സ്വപ്നം യാഥാർത്ഥ്യമാകുമ്പോൾ

എഴുത്തുകാരനും പ്രഭാഷകനുമായ ഫാ. ബോബി ജോസ് കട്ടിക്കാടിന്റെ സ്വപ്ന പദ്ധതിയായിരുന്നു 'അഞ്ചപ്പം'. ചില സുഹൃത്തുകളും ഒപ്പം ചേർന്നതോടെ അഞ്ചപ്പം യാഥാർത്ഥ്യമാവുകയായിരുന്നു. 2016 ലാണ് അഞ്ചപ്പത്തിന് തുടക്കമിടുന്നത്. തുടക്കത്തിൽ വ്യവസായിയും സാമൂഹികപ്രവർത്തകനുമായ ഡോ. ബേബി സാം സാമുവൽ, പത്തനംതിട്ട കാതോലിക്ക കോളജ് അധ്യാപിക ഡോ. എലിസബത്ത്, ലൗവിൻ, കോഴഞ്ചേരി സെന്റ് ജോസഫ് കോളജിലെ അധ്യാപകൻ ഡോ. ജോർജ്ജ് അലക്സ് എന്നിവരാണ് ഉണ്ടായിരുന്നത്. പിന്നീട് ചാർട്ടേഡ് അക്കൗണ്ടന്റായ അനിലും ഇവരോടൊപ്പം ചേർന്നു. 2016 കോഴഞ്ചേരിയിലായിരുന്നു ആദ്യമായി 'അഞ്ചപ്പം' ഭക്ഷണശാല സ്ഥാപിച്ചത്. തുടക്കത്തിൽ ചെറിയൊരു ആശങ്ക ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. എന്നാൽ ആശയം വ്യക്തമാക്കിയപ്പോൾ എല്ലാവരും ഒപ്പം ചേർന്നു. തുടർന്ന് ഓരോ വർഷവും ഔട്ട്ലെറ്റുകളുടെ എണ്ണം കൂടിവരുകയായിരുന്നുവെന്ന് അഞ്ചപ്പത്തിന്റെ പ്രസിഡന്റ് ബേബി സാം സാമുവൽ പറയുന്നു.

## അഞ്ചപ്പം: വ്യത്യസ്തമായൊരു സേവന സംരംഭം

സാധാരണ കർഷകൻ മുതൽ ഓരോ ജനങ്ങളെയും സ്വാധീനിക്കുന്ന ആശയമാണ് അഞ്ചപ്പത്തിന്റേത്. ഈ ഭക്ഷണശാലയിൽ പോയാൽ നിങ്ങൾക്ക് വയറുനിറയെ ഭക്ഷണം കഴിക്കാം. കീശയിൽ പണം വേണമെന്ന് ഒരു നിർബന്ധവുമില്ല. വിശക്കുന്നുണ്ടെങ്കിൽ ആർക്കും ഇവിടേക്കു കയറിച്ചെല്ലാം. പണമുണ്ടോയെന്ന് ആരും അന്വേഷിക്കില്ല.

ഭക്ഷണം കഴിച്ച് ഇറങ്ങുന്ന സ്ഥലത്താണ് കൗണ്ടർ. ബില്ലൊന്നുമില്ല. പണം വാങ്ങാൻ ആളുമില്ല. ഇഷ്ടമുണ്ടെങ്കിൽ ഭക്ഷണത്തിന്റെ തുക ഇവിടെ നിക്ഷേപിക്കാം. സൗജന്യമായി ഭക്ഷണം കഴിച്ചുവെന്ന തോന്നൽ ഇല്ലാതിരിക്കാനാണ് ഇത്തരമൊരു സംവിധാനം. ഭക്ഷണം ഒരു വ്യക്തിയുടെ അവകാശമാണെന്ന വിശ്വാസമാണ് ഇതിലേക്ക് നയിച്ചത്.

ഭക്ഷണം കഴിച്ചതിനുശേഷം പുറത്തുവെച്ചിരിക്കുന്ന പെട്ടിയിൽ പണം നിക്ഷേപിക്കുക. എത്ര പണം വേണമെങ്കിലും ആളുകൾക്ക് നിക്ഷേപിക്കാം. ഇട്ടില്ലെങ്കിലും കുഴപ്പമില്ല. ഒരു ഊണിന്റെ തുക ഇടുന്നവരുണ്ട്. ഒരൂണ് കഴിച്ചിട്ട് രണ്ടോ മൂന്നോ ഊണിന്റെ തുക ഇടുന്നവരുണ്ട്. എങ്കിലും ഭക്ഷണം കഴിച്ച് സംതൃപ്തരായി എല്ലാവരും മടങ്ങും. രാവിലെ 11 മണി മുതൽ 'അഞ്ചപ്പ'ത്തിന്റെ പ്രവർത്തനം ആരംഭിക്കും. എല്ലായിടത്തും ഉച്ചയൂണിനാണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

## അഞ്ചപ്പം പ്രവർത്തിക്കുന്നയിടങ്ങൾ

2016-ൽ കോഴഞ്ചേരിയിൽ ആരംഭിച്ച അഞ്ചപ്പം ഭക്ഷണശാലയുടെ എണ്ണം മൂന്ന് വർഷംകൊണ്ട് അഞ്ച് ഔട്ട്ലെറ്റായി വർദ്ധിപ്പിച്ചു. 2017-ൽ റാന്നി, 2018-ൽ നെയ്യാറ്റിൻകര, ചങ്ങനാശേരി, 2019 കുറവിലങ്ങാട് എന്നിവിടങ്ങളിൽ ഔട്ട്





ലെറ്റുകൾ തുടങ്ങി. തിരുവനന്തപുരം, കൊട്ടാരക്കര, തിരുവല്ല, ചെങ്ങന്നൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ പുതിയ ഔട്ട്ലെറ്റുകൾ തുടങ്ങാനുള്ള ശ്രമം തുടങ്ങി കഴിഞ്ഞു.

## ലക്ഷ്യം ജില്ലയിൽ മൂന്നെണ്ണം വീതം

ഓരോ ജില്ലയിലും മൂന്ന് ഔട്ട്ലെറ്റുകൾ വീതം തുടങ്ങുവാനാണ് ലക്ഷ്യമിടുന്നത്. മൂന്ന് ഔട്ട്ലെറ്റുകൾക്കുംകൂടി ഒരു സെൻട്രൽ അടുക്കള സ്ഥാപിച്ച ശേഷം അവിടെ ഭക്ഷണം പാചകം ചെയ്ത് ഔട്ട്ലെറ്റിലെത്തിച്ച് വിതരണം ചെയ്യുക എന്നതാണ് ഉദ്ദേശം. പത്തനംതിട്ടയിൽ സെൻട്രൽ അടുക്കള വഴിയാണ് പ്രവർത്തനം. സ്വതന്ത്രചുമതലയിലാണ് ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നത്. മറ്റ് ജില്ലകളിൽ കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ കഴിയുന്നതോടെ സെൻട്രൽ അടുക്കളയെന്ന ലക്ഷ്യത്തിലേയ്ക്ക് കടക്കാൻ കഴിയും.

## ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ല

അഞ്ചപ്പമുള്ള സ്ഥലങ്ങളിൽ ഭക്ഷണം കഴിക്കാൻ പണമില്ലാതെ വിശന്നുവലഞ്ഞ് ആരും പോകാൻ പാടില്ലെന്നതാണ് ആദ്യത്തെ ലക്ഷ്യം. എന്നാൽ അതിന്റെ പേരിൽ ഗുണമേന്മയുടെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും ഇവർ തയ്യാറല്ല. ഏറ്റവും വൃത്തിയുള്ള സാഹചര്യങ്ങളിൽ ഏറെ രുചികരമായാണ് ഇവിടെ ഭക്ഷണം തയ്യാറാക്കുന്നത്. ഭക്ഷണത്തിന്റെ രുചിയും മികവുംകൊണ്ട് വിദൂരങ്ങളിൽ നിന്നുപോലും നിരവധി പേർ ഭക്ഷണം കഴിക്കാനായി അഞ്ചപ്പത്തിന്റെ ഔട്ട്ലെറ്റുകൾ അന്വേഷിച്ച് എത്തുന്നുണ്ട്. ചലച്ചിത്ര താരങ്ങളടക്കമുള്ള പ്രശസ്തരായവരും കേട്ടറിഞ്ഞ് അഞ്ചപ്പത്തിൽ വരുന്നു.

ഒരു ബദൽ ഭക്ഷണ സംസ്കാരമാണ് അഞ്ചപ്പത്തിലൂടെ ലക്ഷ്യമിടുന്നത്. വൈകുന്നേരങ്ങളിൽ ഭക്ഷണത്തോടൊപ്പം വായനയും അഞ്ചപ്പത്തിൽ സാധ്യമാണ്. എല്ലാ ഔട്ട്ലെറ്റുകളിലും ഇതിനുള്ള പുസ്തകങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

## പിന്തുണയുമായി വോളന്റിയർ ഗ്രൂപ്പുകൾ

പ്രാദേശികമായ വോളന്റിയർ ഗ്രൂപ്പുകളാണ് അഞ്ചപ്പത്തിന്റെ ഔട്ട്ലെറ്റുകളിലെ കാര്യങ്ങൾ നോക്കുന്നത്. ഓരോ ഔട്ട്ലെറ്റിലും 8-10 ആളുകളാണ് വിളമ്പുന്നതിനും മറ്റുമായി ദിവസേന എത്തുന്നത്. വിദ്യാർത്ഥികളും സേവനസന്നദ്ധരായി അഞ്ചപ്പത്തിൽ സഹായിക്കാനായി എത്തുന്നു. ജോലി ചെയ്യുന്ന ഈ വോളന്റിയർമാർ സേവനം ജീവിതമാക്കി എടുത്തവരാണ്. താത്പര്യമുണ്ടെങ്കിൽ അടുക്കളയിൽ സഹായിക്കുകയും ചെയ്യാം. ആരും തടയില്ല. സന്തോഷത്തോടെ ഒപ്പം കൂട്ടും. അതേ സമയം പാചകത്തിനായി സ്ഥിരം ജോലിക്കാരുമുണ്ട്.

## കർഷകരെയും സഹായിക്കുന്ന സങ്കല്പം

ഇടനിലക്കാരെ ഒഴിവാക്കി ജൈവ പച്ചക്കറികൾ നേരിട്ട് ശേഖരിക്കുകയാണ് അഞ്ചപ്പത്തിന്റെ രീതി. സെൻട്രൽ അടുക്കളയിലേക്കുള്ള പച്ചക്കറികളും മറ്റും പ്രാദേശികമായാണ് ശേഖരിക്കുന്നത്. അതുവഴി ജൈവപച്ചക്കറികൾ പരമാവധി അഞ്ചപ്പത്തിൽ ലഭ്യമാകും.

ഇത്തരം ഔട്ട്ലെറ്റുകളിലേക്ക് പച്ചക്കറികൾ സ്ഥിരമായി നൽകുവാൻ സാധിച്ചാൽ കർഷകർ ഏറെ ഉത്സാഹത്തോടെ കൃഷിയെ സമീപിക്കുമെന്നതും ഇത്തരം ബിസിനസ് പദ്ധതികളുടെ മറ്റൊരു പ്രയോജനമാണ്. രാസ കീടനാശിനികൾ പരമാവധി ഒഴിവാക്കി ജൈവ രീതിയിലുള്ള കീടനാശിനികൾ കൃഷിയിൽ പ്രയോഗിക്കുന്ന ഒരു കാലഘട്ടമാണിത്. ജൈവ കൃഷിയുടെ പ്രാധാന്യം കർഷകർക്ക് മനസ്സിലാക്കി കൊടുക്കുവാൻ അഞ്ചപ്പംപോലുള്ള ഔട്ട്ലെറ്റുകളിലൂടെ കഴിയുമെന്ന് ബേബി സാം സാമുവൽ പറയുന്നു. ജൈവകൃഷി ജനകീയമാക്കാനുള്ള ശ്രമവും ഇതിന് പിന്നിലുണ്ട്.

ഏതൊരു വിപണിയെയുംപോലെ ഇടനിലക്കാരുടെ പ്രവർത്തനം പച്ചക്കറികളുടെ വില വർദ്ധനയ്ക്കു കാരണമായിട്ടുണ്ട്. ഇത് മറികടക്കാനാണ് ഇടനിലക്കാരെ ഒഴിവാക്കി





ഫാ. ബോബി ജോസ് കട്ടിക്കാട്

സംഘാടകർ കർഷകരിൽനിന്നും നേരിട്ട് പച്ചക്കറികൾ വാങ്ങുന്നത്. അതിലൂടെ കുറഞ്ഞ നിരക്കിൽ അഞ്ചപ്പത്തിന് പച്ചക്കറികൾ ലഭിക്കും. കർഷകർക്ക് ആവശ്യത്തിന് വില ലഭിക്കുകയും ചെയ്യുന്നു.

## വർദ്ധിച്ചു വരുന്ന പിന്തുണ

അഞ്ച് ഔട്ട്ലെറ്റുകളിലായി ദിനംപ്രതി 650-700 പേർ ഭക്ഷണം കഴിക്കാനായി എത്തുന്നുണ്ടെന്ന് സംഘാടകർ പറയുന്നു. ദിനംപ്രതി അഞ്ചപ്പത്തിലേക്ക് പുതിയ പുതിയ ആളുകൾ എത്തുന്നു. ഇത് എന്തുകൊണ്ടും ഗുണപ്രദമാണ്. വിദൂരദിക്കുകളിൽ നിന്നുപോലും കേട്ടറിഞ്ഞ് സംരംഭത്തിൽ പങ്കാളികളാകാൻ എത്തുന്നവരുണ്ട്. ഇത്തരം ആളുകളുടെ പിന്തുണ ഒന്നുകൊണ്ട് മാത്രമാണ് അഞ്ചപ്പത്തിന്റെ ഔട്ട്ലെറ്റ് മൂന്ന് വർഷംകൊണ്ട് അഞ്ചെണ്ണമാക്കി ഉയർത്താൻ കഴിഞ്ഞതെന്ന് സംഘാടകർ ഉറച്ചു വിശ്വസിക്കുന്നു. കൂടുതൽ ഇടങ്ങളിൽ പുതിയ ഔട്ട്ലെറ്റുകൾ തുടങ്ങുവാനുള്ള തയ്യാറെടുപ്പിലാണ് അഞ്ചപ്പത്തിന്റെ പിന്നണിപ്രവർത്തകർ.

അപ്രതീക്ഷിതമായ ഇടങ്ങളിൽനിന്ന് ലഭിക്കുന്ന പിന്തുണ പലപ്പോഴും സംഘാടകർക്ക് കരുത്ത് നൽകിയിട്ടുണ്ട്. അഞ്ചപ്പത്തിൽനിന്നും ഭക്ഷണം കഴിച്ചുമടങ്ങുന്നവരുടെ മൗത്ത് പബ്ലിസിറ്റിക്ക് അപ്പുറം മറ്റുതരത്തിലുള്ള പ്രചരണങ്ങളോ പരസ്യങ്ങളോ അഞ്ചപ്പത്തിനില്ല. ലളിതവും നിശ്ശബ്ദവുമായാണ് അഞ്ചപ്പം മുന്നോട്ടുപോകുന്നത്. വിദേശ ഫണ്ടുകളില്ല, വലിയ കമ്പനികളോ ആളുകളോ അഞ്ചപ്പത്തിനെ ഫണ്ട് ചെയ്യുന്നില്ല, ഏതെങ്കിലും മത-രാഷ്ട്രീയ സ്ഥാപനങ്ങളുടെ സ്പോൺസർഷിപ്പില്ല. വ്യക്തിപരമായി ആളുകൾ നൽകുന്ന സംഭാവനകൾ മാത്രമാണ് അഞ്ചപ്പത്തിന്റെ സ്രോതസ്. മാസം നൂറ് രൂപ മുതൽ കൃത്യമായി തരുന്ന



ഡോ. ബേബി സാം സാമുവൽ

വരുണ്ട്. ഓട്ടോ തൊഴിലാളികളുടെ പിന്തുണ ചിലപ്പോൾ ഞെട്ടിച്ചിട്ടുണ്ട്. അവർ വീട്ടിലുണ്ടാകുന്ന പഴങ്ങളും പച്ചക്കറികളും അഞ്ചപ്പത്തിനായി കൊണ്ടുവന്ന് തരാറുണ്ട്, അവരുടെ ചെറിയ വരുമാനത്തിന്റെ ഒരു വിഹിതം സംഭാവന ചെയ്യാറുണ്ട്. അങ്ങനെ കൂട്ടായ്മയുടെ കൊച്ചുകൊച്ചു സംഭാവനകളാണ് അഞ്ചപ്പത്തിന്റെ വിജയത്തിനു പിന്നിൽ.

## അഞ്ചപ്പമെന്ന സാംസ്കാരിക കേന്ദ്രം

മികച്ചൊരു സാംസ്കാരികകേന്ദ്രം കൂടിയായി വളരുകയാണ് അഞ്ചപ്പം. അഞ്ചപ്പത്തിന്റെ ഓരോ ഔട്ട്ലെറ്റുകളിലും ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. അങ്ങനെ ഓരോ ജില്ലയിലും മൂന്ന് വ്യത്യസ്തമായ സാംസ്കാരിക ഇടങ്ങൾ കണ്ടെത്താൻ കഴിയും. അതിന്റെ ഭാഗമെന്നോണമാണ് ആരംഭിച്ചപ്പോൾ തന്നെ അഞ്ചപ്പത്തിന്റെ ഭാഗമായി ലൈബ്രറികളും സജ്ജമാക്കിയത്.

അതാത് സ്ഥലങ്ങളിൽ സായാഹ്നങ്ങളിലെ സാംസ്കാരികപ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി മാറുകയാണ് അഞ്ചപ്പം. ചില ഔട്ട്ലെറ്റുകളിൽ തെരുവുനാടകങ്ങൾ അരങ്ങേറാറുണ്ട്. ചിലയിടത്ത് മറ്റ് സാംസ്കാരിക പരിപാടികളും. ഇത് കൂടാതെ ഓരോ ഔട്ട്ലെറ്റുകളും ഓരോ കൗൺസിലിങ് സെന്ററുകളാക്കി മാറ്റാനും പദ്ധതിയുണ്ട്. മാസത്തിൽ രണ്ടോ മൂന്നോ തവണ ഇവിടെ ക്ലാസുകളും മറ്റും ഏർപ്പെടുത്താനാണ് പദ്ധതി. ശിഥിലമായ മനസുകളെ നേർവഴിക്ക് നയിക്കാൻ ഇതുവഴി കഴിയും. ഇതോടെ ഭക്ഷണശാല എന്നതിനപ്പുറം മലയാളികൾക്ക് സുഖകരമായ ജീവിതം പ്രദാനം ചെയ്യുവാനാണ് ഓരോ അഞ്ചപ്പത്തിന്റെയും ലക്ഷ്യം.

മുതിർന്ന പൗരൻമാർക്ക് വൈകുന്നേരങ്ങളിൽ വന്നിരിക്കാൻ കഴിയുന്ന ഒരിടമായി അഞ്ചപ്പം ഇതിനകം മാറിക്കഴിഞ്ഞു. കൂട്ടുകൂടി വർത്തമാനം പറഞ്ഞ് ജീവിത സായാഹ്നങ്ങളിൽ പുത്തൻ ഉണർവ്വ് വയോധികർക്ക് നൽകാൻ ഇതുവഴി കഴിയുന്നു. മലയാളികളുടെ സാംസ്കാരത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളും അഞ്ചപ്പം ഏറ്റെടുത്തിട്ടുണ്ട്. കർക്കിടക മാസത്തിലെ മരുന്നുകഞ്ഞി വിതരണമാണ് ഇതിലൊന്ന്. എല്ലാ കർക്കിടകമാസത്തിലും കൃത്യമായി ഔട്ട്ലെറ്റുകളിലൂടെ മരുന്ന് കഞ്ഞികൾ വിതരണം ചെയ്യാറുണ്ട്. രാമായണപാരായണവും ഇവിടെ നടക്കുന്നു. ഇത് കേൾക്കുന്നതിനായി നിരവധി പേരാണ് എത്തിച്ചേരുന്നത്.

സാഹിത്യകാരൻമാർക്ക് ഏറെ ഗുണപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന ഇടം കൂടിയാണ് അഞ്ചപ്പം. അവരുടെ ക്ലാസുകളും സാഹിത്യസംവാദങ്ങളും സൃഷ്ടികളുടെ പ്രകാശനവുമെല്ലാം അഞ്ചപ്പത്തിൽ നടത്താൻ സംഘടിപ്പിക്കപ്പെടുന്നു.

## ലാഭനഷ്ടം നോക്കാതെ പ്രവർത്തനം

പൊതുജനങ്ങളിൽനിന്ന് പ്രതീക്ഷിച്ചതിലേറെ മികച്ച പിന്തുണയാണ് അഞ്ചപ്പത്തിന് ലഭിക്കുന്നത്. രണ്ടരലക്ഷത്തിലധികം ആളുകൾ ഇതുവരെ ഇവിടെനിന്നും ഭക്ഷണം കഴിച്ചുകഴിഞ്ഞു. ഇവിടെയെത്തുന്ന ആളുകൾക്ക് ഏറെ ആദരവോടെയാണ് ഭക്ഷണം വിളമ്പുന്നത്. ഭക്ഷണം കഴിക്കാനെത്തുന്നവരോട് സംഘാടകർക്ക് ഒറ്റ അപേക്ഷ മാത്രം: 'ഭക്ഷണം പാഴാക്കരുത്.'

ലാഭം ലക്ഷ്യമാക്കിയല്ല അഞ്ചപ്പം ഇപ്പോൾ പ്രവർത്തിക്കുന്നത്. ചെലവുകൾ കുറയ്ക്കുകയും ഭക്ഷണം നൽകുന്നത് കൂട്ടുകയും ചെയ്താൽ നഷ്ടമില്ലാതെ അഞ്ചപ്പം പ്രവർത്തിക്കുകയുള്ളൂ. എന്നാൽ ഇപ്പോൾ ഈ ഘട്ടത്തിലെത്തിയിട്ടില്ല. ഇതിനായി ഇനിയുമേറെ സഞ്ചരിക്കേണ്ടതുണ്ട്. എല്ലാ ജില്ലകളിലും മൂന്ന് ഔട്ട്ലെറ്റുകൾ വീതമെങ്കിലും തുറക്കാൻ കഴിയുകയും സെൻട്രൽ അടുക്കളകൾ പൂർണമായും സജ്ജമാവുകയും പച്ചക്കറികൾ മുഴുവനായി പ്രാദേശികമായി ശേഖരിക്കുകയും ചെയ്താൽ മാത്രമേ ഇത് സാധ്യമാകൂ. സെൻട്രൽ അടുക്കള വരുമ്പോൾ പാചകം ചെയ്യുന്ന ആളുകളുടെ എണ്ണം കുറയ്ക്കാൻ കഴിയും. അതുവഴി ചെലവും കുറയും. ഇത്തരം പ്രവർത്തനങ്ങളിലൂടെ മാത്രമേ അഞ്ചപ്പം നഷ്ടമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ. വിശപ്പിന്റെ വിലയറിയുന്ന, മനുഷ്യർക്കുവേണ്ടി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഈ മണ്ണിൽ നിലനിൽക്കേണ്ടത് ഈ സമൂഹത്തിന്റെ ആവശ്യമാണ്. ■